# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3486    20.06.2018-ൽ മറുപടിക്ക്**

**ജസ്റ്റിസ് ശ്രീവല്ലഭൻ ജുഡീഷ്യൽ കമ്മീഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കോട്ടയം മരങ്ങാട്ടുപള്ളിയിൽ പോലീസ് കസ്റ്റഡിയിലെടുത്ത പാറക്കൽ സിബിയുടെ മരണം അന്വേഷിച്ച ജസ്റ്റിസ് ശ്രീവല്ലഭൻ ജുഡീഷ്യൽ കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിനകം എത്ര പ്രാവശ്യം പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടി നൽകി എന്നറിയിക്കാമോ? | (എ) യും (ബി) യും | കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത സിബി എന്ന യുവാവിന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങൾ സംബന്ധിച്ച്, അന്വേഷിക്കുന്നതിന് 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റ് പ്രകാരം, ശ്രീ.ഡി. ശ്രീവല്ലഭനെ (റിട്ട. ജില്ലാ ജഡ്ജി) 2016 ജനുവരി 14-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 39/2016 വിജ്ഞാപനപ്രകാരം അന്വേഷണ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. കമ്മീഷന്റെ വേതനം, ഓഫീസ് ഘടന, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായവ നിശ്ചയിച്ച് നൽകുന്നതിൽ ഭരണപരമായ കാലതാമസം നേരിട്ടതിനാൽ 2016 ജനുവരി 14-ാം തീയതി മുതൽ 6 മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടിയിരുന്ന പ്രസ്തുത കമ്മീഷന് യഥാസമയം ചുമതലയേൽക്കുവാൻ കഴിയുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ 2017 ജൂൺ 2-ലെ എസ്.ആർ.ഒ. നം. 306/2017 വിജ്ഞാപന പ്രകാരം റിട്ട. ജില്ലാ ജഡ്ജി ശ്രീ.ഡി. ശ്രീവല്ലഭൻ കമ്മീഷനെ 6 മാസത്തേക്ക് വീണ്ടും നിയമിക്കുകയും, പിന്നീട് 2 തവണയായി 12 മാസക്കാലം കാലാവധി നീട്ടി നല്കുകയുമുണ്ടായി. |

Deepa

**സെക്ഷൻ ഓഫീസർ**